2358/18

# വകുപ്പ്തല കണക്കു പരിശോധനാ റിപ്പോർട്ട്
## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, മേലടി, കോഴിക്കോട് ജില്ല

| | | | |
|---|---|---|---|
| 1. | പരിശോധനാ തീയതി | : | 24.01.2017 മുതൽ 28.01.2017 വരെ |
| 2. | പരിശോധനാ കാലയളവ് | : | 01.04.2014 മുതൽ 31.12.2016 വരെ |
| 3. | പരിശോധനാ വിഭാഗം | : | ഫിനാൻസ്. ഇ. ആഡിറ്റ് |
| 4. | പരിശോധനാ ടീമിൽ പങ്കെടുത്തവർ | | |
| | സീനിയർ സൂപ്രണ്ട് | : | ശ്രീ. കെ. ദയാനന്ദ |
| | ക്ലാർക്ക് (ഹയർ ഗ്രേഡ്) | : | ശ്രീ. കെ. കെ. ശ്രീരാജ് |

## പരിശോധനാ കാലയളവിലെ ആഫീസ് മേധാവി
## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II

| | | | |
|---|---|---|---|
| 1. | ശ്രീ. ഭരതൻ. എ. | : | 01.04.2014 മുതൽ 14.07.2014 വരെ |
| 2. | ശ്രീമതി. അനിതകുമാരി. ടി.സി. | : | 14.07.2014 മുതൽ 31.12.2014 വരെ |
| 3. | ശ്രീമതി. രമണി. സി.ടി. | : | 31.12.2014 മുതൽ 04.06.2014 വരെ |
| 4. | ശ്രീമതി. ശ്രീലത. കെ. | : | 04.06.2014 മുതൽ 16.08.2015 വരെ |
| 5. | ശ്രീമതി. രമണി. സി. ടി. (I/C) | : | 17.08.2015 മുതൽ 14.10.2015 വരെ |
| 6. | ശ്രീമതി. ശ്രീലത. കെ. | : | 15.10.2015 മുതൽ 02.12.2015 വരെ |
| 7. | ശ്രീ. ഡെയ്സൺ രാജ് | : | 02.12.2015 മുതൽ 21.10.2016 വരെ |
| 8. | ശ്രീ. സതീഷ്. ഒ. (I/C) | : | 22.10.2016 മുതൽ 08.11.2016 വരെ |
| 9. | ശ്രീമതി. സിന്ധു. ടി. (I/C) | : | 08.11.2016 മുതൽ 09.11.2016 വരെ |
| 10. | ശ്രീ. ശ്രീജിത്ത് കുമാർ. ഡി. | : | 10.11.2016 മുതൽ തുടരുന്നു. |

മേലടി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലെ 01.04.2014 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ആഫീസ് കണക്കുകളുടെ പ്രവർത്തനങ്ങളുടെ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### ഭാഗം - 1

ആമുഖം

A) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന

മേലടി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലെ 01.01.2012 മുതൽ 31.01.2015 വരെയുള്ള കാലയളവിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ 02/15-ൽ പരിശോധിച്ചിട്ടുണ്ട്. പരിശോധനാ കുറിപ്പിന്മേൽ ശേഷിക്കുന്ന ഖണ്ഡിക താഴെ പറയും പ്രകാരമാണ്.

എ) ഖണ്ഡിക - 2 ബി

ബി) ഖണ്ഡിക - 3

ശേഷിച്ച ഖണ്ഡികകൾക്ക് 05.01.2017-ലെ MB/96/2014 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ തുടർ നടപടി സ്വീകരിച്ച കത്തുകളൊന്നും തന്നെ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചതായി കാണുന്നില്ല.

**B) വകുപ്പ്തല കണക്കു പരിശോധന**

എ) മേലടി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലെ 31.03.2014 വരെയുള്ള കാലയളവിലെ കണക്കുകളുടെ പരിശോധന ഡയറക്ടറേറ്റിലെ ഫിൻ.ഇ. വിഭാഗം 08/14-ൽ പൂർത്തിയാക്കി റിപ്പോർട്ടും നൽകിയിട്ടുണ്ട്. റിപ്പോർട്ടിന്മേലുള്ള നടപടി 22.03.2016-ലെ ഫിൻ.ബി2-2514/14(കെ.ഡിസ്)-ൽ തീർപ്പാക്കിയതായി ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുണ്ട്.

ബി) 01.04.2011 മുതൽ 31.03.2012 വരെയുള്ള കണക്കുകളിൽ ശേഷിക്കുന്ന ഖണ്ഡികകൾക്ക് 21.04.2014-ന് 132/12 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ തുടർ നടപടി സ്വീകരിച്ച കത്തുകളൊന്നും തന്നെ ഫയലിൽ ലഭിച്ചതായി കാണുന്നില്ല.

**ഭാഗം - II**

**ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും**

**A) ബിൽ ബുക്ക്, ക്യാഷ് ബുക്ക്**

1. ബിൽ നമ്പർ: CB/40/14-15 പ്രകാരം 30.01.2015-ൽ മാറിയ 53,000/- രൂപ ക്യാഷ്ബുക്കിൽ എൻട്രി ചെയ്ത വിവരം ട്രഷറി ബിൽ ബുക്കിന്റെ 12-50 നമ്പർ കോളത്തിൽ രേഖപ്പെടുത്തി കാണുന്നില്ല.

2. 16.06.2016, 17.06.2016 എന്നീ രണ്ടു തീയതികളിലെ വരവും ചെലവും കണക്കുകൾ ക്യഷ്ബുക്കിന്റെ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തിയതായി കാണുന്നു. ഇത് ശരിയായ നടപടി അല്ല. വിശദീകരണം നൽകേണ്ടതാണ്.

3. Daily Abstract എഴുതിയിട്ടില്ല

   ഉദാ: 17.05.14, 24.05.14, 09.07.14, 30.04.15, 17.06.15, 26.06.15, 15.07.15, 05.08.15, 14.07.14, 10.06.15, 19.06.15, 10.07.15, 28.07.15, 09.01.15, 11.09.15, 19.09.15, 05.10.15, 17.10.15 to 25.10.15, 07.11.15 to 26.11.15, 02.12.15 to 31.12.16.

4. 16.02.15 - 20.02.15 വരെയുള്ള ക്യാഷ്ബുക്കിന്റെ പേജുകളിൽ എൻട്രികൾ എല്ലാം വൈറ്റ്നർ ഉപയോഗിച്ച് തിരുത്തിയതായി കാണുന്നു. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

5. 31.04.14, 31.05.14 തീയതികളിൽ ക്യാഷ്ബുക്കിൽ Monthly Abstract എഴുതിയിട്ടില്ല.

6. 30.03.2015-ൽ ക്യാഷ് ബുക്ക് എൻട്രി ചെയ്തിട്ട് Cancelled ചെയ്തിരിക്കുന്നു. പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. താഴെപ്പറയുന്ന തീയതികളിലെ ക്യാഷ്ബുക്കിലെ എൻട്രികൾ ഒന്നും തന്നെ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഉദാ: 31.03.2015, 03.06.15, 10.06.15, 17.06.15, 19.06.15, 26.06.15, 27.06.15, 10.07.15, 15.07.15 - 05.08.15, 17.10.15 - 25.10.15, 07.11.15 - 02.12.15

8. ക്യാഷ്ബുക്ക് പേജ് നമ്പർ: 97 മുതൽ 99 വരെ Cancelled ചെയ്ത് പേജ് ~~സ്റ്റാപ്ലർ~~ ചെയ്തിരിക്കുന്നു. ഈ പേജുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

9. 29.04.15-ന് ക്യാഷ്ബുക്കിൽ വൈറ്റ്നർ ഉപയോഗിച്ചതായി കാണുന്നു. ധാരാളം വെട്ടി തിരുത്തലുകളും ഉണ്ട്. Cancelled ചെയ്തിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ഓഫീസർ പൂർണ്ണ ഒപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. പേജ് നമ്പർ: 1 മുതൽ 8 വരെ Cancelled ചെയ്ത് സ്റ്റാപ്ലയർ പിൻ ചെയ്തിരിക്കുന്നു, പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇത് ഗുരുതരമായ വീഴ്ചയാണ്. വിശദീകരണം നൽകേണ്ടതാണ്.

10. 30.04.15-ലെ ക്യാഷ്ബുക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11. ക്യാഷ് ബുക്കിൽ എഴുതുന്ന എൻട്രികൾ ഒന്നും തന്നെ പട്ടികജാതി വികസന ഓഫീസർ ഇനിഷ്യൽ ചെയ്യുന്നില്ല.
ഉദാ: 31.01.15, 12.02.15, 31.03.15, 08.05.15 to 28.05.15, 03.06.15, 10.06.15 to 19.06.15, 27.06.15, 28.07.15 to 13.08.15, 09.12.15 to 24.10.16.

12. ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ താഴെപ്പറയുന്ന തുകയുടെ പണംപറ്റ് രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

a) 31.10.14 stipend to Seema. P.C. App. Clerk - Rs. 5,000/-
b) ബിൽ നമ്പർ: 3/14-15, സെക്രട്ടറി, തിക്കൊടി പഞ്ചായത്ത് - Rs. 1,26,500/-
c) Bill No. CB/10/14-15, Housing 23.02.15 - Rs. 20,000/-
d) 27.02.15 Bill No. 12/14-15 Housing - Rs.30,000/-
e) 28.04.15 Treatment Grant - Rs.7,000/-
f) 08.05.15 (CB/56/14-15, 1 C.M.) - Rs.50,000/-
g) 08.05.15 CB/48/14-15 - Rs.4,200/-
h) 19.12.15 CB/31/15-16 - Rs.50,000/-
i) 21.12.15 CB/29/15-16 - Rs.2,500/-

| | | |
|---|---|---|
| j) 05.01.16 CB/58/14-15 | - | Rs.50,000/- |
| k) 31.05.16 CB/1/16-17 | - | Rs.4,93,000/- |
| l) 13.06.16 CB/2/16-17 | - | Rs.3,03,750/- |
| m) 25.07.16 CB/9/16-17 (L.S.G.) | - | Rs.32,500/- |
| n) 25.07.2016 CB/10/16-17 | - | Rs.63,020/- |
| o) 25.07.16 CB/11/16-17 | - | Rs.17,400/- |
| p) 29.07.16 CB/12/16-17 | - | Rs. 9,16,000/- |
| q) 22.08.16 CB/17/16-17 | - | Rs. 8,000/- |
| 22.08.16 CB/18/16-17 | - | Rs.1,750/- |
| 22.08.16 CB/19/16-17 | - | Rs.10,500/- |
| r) 09.09.16 EPB/10/16-17 | - | Rs.15,000/- |
| s) 22.09.16 CB/27/16-17 | - | Rs.99,277/- |
| 22.09.16 CB/28/16-17 | - | Rs.10,73,672/- |
| t) 28.09.16 CB/30/16-17 | - | Rs. 4,000/- |
| u) 07.10.16 CB/33/16-17 | - | Rs. 10,000/- |
| v) 30.10.16 CB/35/16-17 | - | Rs. 2,41,793/- |
| 30.10.16 CB/37/16-17 | - | Rs. 10,000/- |
| w) 17.12.16 CB/39/16-17 | - | Rs. 10,000/- |
| 17.12.16 CB/40/16-17 | - | Rs. 37,500/- |
| x) 20.12.16 CB/42/16-17 | - | Rs. 21,000/- |

13. ക്യാഷ് ബുക്കിൽ രണ്ട് തീയതികളിലായി വരവും ചെലവും രേഖപ്പെടുത്തിയിരിക്കുന്നത് ഒരു ബിൽ പ്രകാരം മാറിയ തുക ആവർത്തിച്ച് എഴുതിയതാണെന്ന് കാണുന്നു. ഈ തുക എങ്ങനെ ക്രമീകരിച്ചു. വിശദീകരണം നൽകേണ്ടതാണ്.

ഉദാ:

a) ബിൽ നമ്പർ: EPB/1/14-15 ക്യാഷ് ബുക്കിൽ 04.04.14-ന് വരവും ചെലവും 21,861/- രൂപ.

b) ബിൽ നമ്പർ: EPB/1/14-15 ക്യാഷ് ബുക്കിൽ 05.04.14-ലെ വരവും ചെലവും 21,861/- രൂപ.

14. 27.02.2015 തീയതിയിലെ അക്വിറ്റൻസ് പ്രകാരം പ്രബീഷ് 50,000/- രൂപ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ അന്നേ ദിവസത്തെ ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 30,000/- രൂപയാണ്. 20,000/- രൂപയുടെ കുറവ് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

15. ബിൽ നമ്പർ: CB/48/14-15 പ്രകാരം 28.04.2015-ന് ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 8850/- രൂപ ആണെന്ന് കാണുന്നു. എന്നാൽ അക്വിറ്റൻസ് പ്രകാരം 2550/- രൂപയേ വിതരണം നടത്തിയതായി കാണുന്നുള്ളു.

ഉദാ: SL. No. 05 - 1650/-

SL. No. 09 - 900/-

-----------

2550

=========

6300/- രൂപയുടെ കുറവ് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

16. ബിൽ നമ്പർ: CB/56/15-16 പ്രകാരം 25.07.16-ന് ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ 12,500/- രൂപ ചികിത്സാ ധനസഹായം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പരിശോധനിയിൽ ടോയ്‌ലറ്റിന്റെ ബില്ലാണെന്നാണ് മനസ്സിലാകുന്നത്. ക്യാഷ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## B) അക്വിറ്റൻസ് (ജീവനക്കാരും)

1. ബിൽ നമ്പർ: CB/21/Pay/2014-15 പ്രകാരം - 07.09.2014 തീയതിയിൽ 10,333/- രൂപ മാറിയതായും, അന്നേ ദിവസം ടി തുക വിതരണം ചെയ്തിട്ടുള്ളതായും അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 07.09.2014-ലെ ക്യാഷ് ബുക്കിൽ വരവും ചെലവും കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

2. ജീവനക്കാരുടെ അക്വിറ്റൻസ് പേജ് നമ്പർ: 54, തീയതി: 30.03.2015
പേജ് നമ്പർ: 55, തീയതി: 16.04.15
പേജ് നമ്പർ: 56, തീയതി: 07.05.15
പേജ് നമ്പർ: 57, തീയതി: 04.05.15
എന്നീ പ്രകാരം വിതരണം ചെയ്തിട്ടുള്ള തുകകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപത്രം എഴുതി ഒപ്പ് വെച്ചതായി കാണുന്നില്ല.

3. ബിൽ നമ്പർ: CB/3/2014-15 പ്രകാരം - 04.05.2015 തീയതിയിൽ 21,915/- രൂപ മാറി അന്നേ ദിവസം മേൽ തുക വിതരണം ചെയ്തിട്ടുള്ളതായും അക്വിറ്റൻസ് പ്രകാരം കാണുന്നുണ്ട്. എന്നാൽ ക്യാഷ് ബുക്കിൽ 04.05.2015-ന് ഈ തുക എൻട്രി ചെയ്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

4. അക്വിറ്റൻസ് പേജ് നമ്പർ: 63-ൽ 17.11.2015-ന് 2400/- രൂപ മാറി അന്നേ ദിവസം തന്നെ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 17.11.15-ന് ടി തുക എൻട്രി ചെയ്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

5. അക്വിറ്റൻസ് പേജ് നമ്പർ 70-ൽ 13.04.2016-ന് 45,540/- രൂപ വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ്ബുക്കിൽ 13.04.2016-ന് 45,240/- രൂപ മാത്രം ചെലവും രേഖപ്പെടുത്തി കാണുന്നു. 300/- രൂപ അക്വിറ്റൻസ് പ്രകാരം അധികം നൽകിയതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

6. അക്വിറ്റൻസ് പേജ് നമ്പർ: 69 മുതൽ 77 വരെ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

## C. അക്വിറ്റൻസ് - അപ്രന്റീസ് ക്ലാർക്ക് & എസ്.സി. പ്രൊമോട്ടേഴ്സ്

1. പേജ് നമ്പർ: 79 മുതൽ 93 വരെ തുക വിതരണം ചെയ്തത് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപത്രം എഴുതി ഒപ്പിട്ടിട്ടില്ല. അബ്സ്ട്രാക്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല.

2. പേജ് നമ്പർ: 83 പ്രകാരം ശ്രീമതി. പി.എം. സീന എന്ന അപ്രന്റീസ് ക്ലാർക്കിന് 5,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. ടി തുക മാറിയ വിവരം, കൈപ്പറ്റിയ തീയതി എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.

3. പേജ് നമ്പർ: 83-ൽ 10,000/- രൂപ സീന. പി.എം. എന്ന അപ്രന്റീസ് ക്ലാർക്ക് കൈപ്പറ്റിയതായി കാണിച്ചിട്ടുണ്ട്. തുക മാറിയ തീയതി, കൈപ്പറ്റിയ തീയതി, അബ്സ്ട്രാക്റ്റ് എന്നിവ എഴുതിയിട്ടില്ല. പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപത്രം എഴുതി ഒപ്പ് വെച്ചിട്ടില്ല.

4. പേജ് നമ്പർ 93-ൽ ശ്രീമതി. സീന. പി.എം എന്ന അപ്രന്റീസ് ക്ലാർക്കിന് 5,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. ടി തുക മാറിയ വിവരം രേഖപ്പെടുത്തിയിട്ടില്ല. ക്യാഷ്ബുക്കിൽ ടി തുക വിതരണം ചെയ്തതായ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

5. 9/15 മുതൽ പുതിയതായി തുടങ്ങിയ അപ്രന്റീസ് ക്ലാർക്ക്/ എസ്.സി. പ്രൊമോട്ടർമാരുടെ അക്വിറ്റൻസ് രജിസ്റ്ററിൽ പേജ് നമ്പർ ചേർത്ത് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

6. ബിൽ നമ്പർ: CB/38/2015-16 പ്രകാരം എസ്.സി. പ്രൊമോട്ടർമാർക്ക് ഹോണറേറിയം ഇനത്തിൽ മാറിയ 60,580/- രൂപയിൽ 57,193/- രൂപ മാത്രം അക്വിറ്റൻസ് പ്രകാരം വിതരണം ചെയ്തതായി കാണുന്നു. ബാക്കി വന്ന 3387/- രൂപ കൈപ്പറ്റിയതായി കാണുന്നില്ല. എന്നാൽ ക്യാഷ്ബുക്കിൽ ഇതിന്റെ ചെലവ് 06.01.2016-ൽ 60580/- രൂപ വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

7. 07.10.2016-ന് ശേഷം അപ്രന്റീസ് ക്ലാർക്ക്/എസ്.സി. പ്രൊമോട്ടർമാരുടെ അക്വിറ്റൻസ് എഴുതി സൂക്ഷിച്ചിട്ടില്ല.

   ഉദാ: a) CB/37/16-17 - 10,000/- രൂപ

   b) CB/39/16-17 - 10,000/- രൂപ

**D. സ്പെഷ്യൽ ടി.എസ്. ബി. രജിസ്റ്റർ**

എഴുതി സൂക്ഷിച്ചിട്ടില്ല.

**E. സ്പെഷ്യൽ ടി. എസ്.ബി. പാസ്സ്ബുക്ക്**

എൻട്രികൾ update ആയി ചേർത്ത് വെച്ചിട്ടില്ല.

**F. റ്റി.ആർ. 5 രസീത് ബുക്ക്**

റ്റി. ആർ. 5 രസീത് ബുക്ക് Vol. I -ൽ 1 മുതൽ 76 വരെ പേജുകൾ ഉപയോഗിച്ചതായി കാണുന്നു. ബുക്കിലെ ആദ്യത്തെ രസീത് നഷ്ടപ്പെട്ടതായി കാണുന്നു. ഉപയോഗിക്കാതെ ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പൂർണ്ണമായിട്ടും ഉപയോഗിക്കാത്ത രസീതുകൾ G.O.(P)No. 213/2013/Fin dated: 09.05.2013 എന്ന സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള പ്രകാരം നശിപ്പിച്ച കളയേണ്ടതും അക്കാര്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തൽ വരുത്തേണ്ടതുമാണ്. തുടർന്നും റ്റി.ആർ. 5 രസീതുകൾ ആവശ്യമുണ്ടെങ്കിൽ Centralized Numbering System അനുസരിച്ചുള്ള റ്റി.ആർ. 5 രസീതുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത ശേഷം ഉപയോഗിക്കേണ്ടതാണ്.

**G. ചെലാൻ ഫയൽ**

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## ഭാഗം - III

**രജിസ്റ്ററുകൾ**

**A. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

പരിപാലിച്ചിട്ടില്ല.

**B. ഡി. ഡി. രജിസ്റ്റർ**

പരാമർശം ഇല്ല.

**C. സി.ആർ.ഡി. ആർ.**

പരിപാലിച്ചിട്ടില്ല.

**D. ഇൻകമ്പൻസ് രജിസ്റ്റർ**

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**E. പേ ബിൽ രജിസ്റ്റർ**

1. Annexure III form 51 C പ്രകാരം Pay bill abstract 2016 ആഗസ്റ്റ് മാസം മുതൽ എഴുതി ചേർത്ത് കാണുന്നില്ല.

2. പേ ബിൽ രജിസ്റ്ററിൽ Form 51 B പേജുകളിൽ ജീവനക്കാരെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും എഴുതി ചേർത്തിട്ടില്ല.
ഉദാ: ജി.പി.എഫ്, എസ്.എൽ.ഐ. അക്കൗണ്ട് നമ്പരുകൾ.

3. ശമ്പള ബിൽ മാറിയ തീയതി രജിസ്റ്ററിൽ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തി കാണുന്നില്ല.

**F. കണ്ടിൻജന്റ് രജിസ്റ്റർ**

2016-17 -ൽ കണ്ടിൻജന്റ് രജിസ്റ്റർ പൂർണ്ണമായി എഴുതി ചേർത്ത് കാണുന്നില്ല. പൂർത്തിയാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**G. അലോട്ട്മെന്റ് രജിസ്റ്റർ**

അലോട്ട്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

**H. ലംപ്സം ഗ്രാന്റ് രജിസ്റ്റർ**

രജിസ്റ്ററിൽ എല്ലാ വിവരങ്ങളും എഴുതി ചേർത്ത് update ആക്കി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**I. ഫർണിച്ചർ രജിസ്റ്റർ**

ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ 31.03.2016 വരെയുള്ള സ്റ്റോക്ക് വെരിഫിക്കേഷൻ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ഫർണിച്ചർ രജിസ്റ്റർ, ഉപകരണ രജിസ്റ്റർ എന്നിവ രണ്ടായി സൂക്ഷിച്ചിട്ടില്ല. ഒരേ രജിസ്റ്ററിലാണ് രണ്ട് വിവരങ്ങളും ചേർത്ത് വരുന്നത്. ഇതു തെറ്റായ നടപടിയാണ്. പ്രത്യേകം പ്രത്യേകം രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

**K. റ്റി.ആർ. 5 സ്റ്റോക്ക് രജിസ്റ്റർ**

1. രജിസ്റ്റർ പേജ് നമ്പർ 15, 16 പ്രകാരം 11 ഗുണഭോക്താക്കൾക്കായി 2,70,000/- രൂപ സ്പെഷ്യൽ ടി.എസ്.ബി. ചെക്ക് പ്രകാരം വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ചെക്ക് നമ്പർ, തീയതി എന്നിവ രജിസ്റ്ററിൽ ചേർത്ത് കാണുന്നില്ല. കൂടാതെ ചെക്ക് കൈപ്പറ്റിയ തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ബിൽ. നമ്പർ: CB/25/15-16 പ്രകാരം 21.10.2015-ന് ട്രഷറിയിൽ നിന്നും 3,00,000/- ലക്ഷം രൂപ തേർച്ച ചെയ്ത് തുകയിൽ വിതരണം നടത്തിയതിൽ അവശേഷിച്ച 30,000/- രൂപ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ചെക്ക് വിതരണം ചെയ്തത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് ഇനിഷ്യൽ ചെയ്തിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തി കാണുന്നില്ല.

3. രജിസ്റ്ററിൽ പേജ് നമ്പർ 17-ൽ 57,000/- രൂപ മൂന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നു. ചെക്ക് നമ്പർ മാത്രം എഴുതി വെച്ചിട്ടുണ്ട്. ചെക്ക് തീയതി എഴുതി ചേർത്തിട്ടില്ല. ഗുണഭോക്താക്കൾക്ക് ചെക്ക് കൈപ്പറ്റിയ തീയതിയും രേഖപ്പെടുത്തി കാണുന്നില്ല. കൂടാതെ അബ്സ്ട്രാക്റ്റും എഴുതി ചേർത്തിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. ചെക്ക് ബുക്കിന്റെ കൗണ്ടർ ഫോയിൽ പരിശോധിച്ചതിൽ SB/GJ/2960321 മുതൽ 2960328 വരെ 1,50,000/- രൂപ വരെ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ കൗണ്ടർ ഫോയിലിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് ഇനിഷ്യൽ ചെയ്ത് കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ജില്ലാ പട്ടികജാതി വികസന ആഫീസറിൽ നിന്ന് ലഭിയ്ക്കുന്ന തുകയും STSB യിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള തുകയും ചെക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം - IV

### വിദ്യാഭ്യാസ പരിപാടികൾ

**A.** ലംപ്സംഗ്രാന്റ്

1. ലംപ്സം ഗ്രാന്റ് ഇനത്തിൽ 2014-15 മുതൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | സ്ക്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|
| 1 | 2014 - 15 | 94 | 1464 | 997750 | 997750 | Nil |
| 2 | 2015 -16 | 91 | 1562 | 1061650 | 1061650 | Nil |
| 3 | 2016 - 17 | 94 | 1510 | 848400 | 848400 | Nil |

2. ഒ.ഇ.സി. വിദ്യാർത്ഥികൾക്കായി 2014-15 വർഷം 409 വിദ്യാർത്ഥികൾക്കായി 328000/- രൂപ ചെലവഴിച്ചതായി കാണുന്നു.

## B. പ്രൈമറി എഡ്യൂക്കേഷൻ എയിഡ്

പ്രൈമറി എഡ്യൂക്കേഷൻ എയിഡ് പ്രകാരം 2014-15 മുതൽ 2016-17 വരെ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | | | | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 | | | |
| 1 | 2014 - 15 | 69 | 75 | 128 | 102 | 128 | 1000000 | 960000 | 40000 |
| 2 | 2015 -16 | 68 | 122 | 104 | 135 | 111 | 1000000 | 970000 | 30000 |
| 3 | 2016 - 17 | 77 | 104 | 117 | 101 | 141 | 928000 | 928000 | Nil |

## C. ശ്രീ. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

ശ്രീ. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് - പ്രകാരം 2014-15 സാമ്പത്തിക വർഷം മുതൽ 2016-17 വർഷം വരെ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 17 | 76500 | 76500 | Nil |
| 2 | 2015 -16 | 17 | 76500 | 76500 | Nil |
| 3 | 2016 - 17 | 11 | 49500 | 33000 | 16500 |

## D. പ്രത്യേക പ്രോത്സാഹന സമ്മാനം

2014-15 സാമ്പത്തിക വർഷം മുതൽ 2016-17 വർഷം വരെ പ്രത്യേക പ്രോത്സാഹന സമ്മാനം ഇനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 65 | 175500 | 175500 | Nil |
| 2 | 2015 -16 | 93 | 223500 | 223500 | Nil |
| 3 | 2016 - 17 | 77 | 196000 | 196000 | Nil |

## E. അൺ എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്

1. 2014-15 സാമ്പത്തിക വർഷം മുതൽ 2015-16 വർഷം വരെ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 36 | 62662 | 62662 | Nil |
| 2 | 2015 -16 | 67 | 92818 | 92818 | Nil |

2. 2016-17 വർഷം തുക അനുവദിച്ചതിന്റെ വിവരം നൽകിയിട്ടില്ല

## F. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

2014-15 സാമ്പത്തിക വർഷം മുതൽ 2016-17 വർഷം വരെ പാരലൽ കോളേജ് ധനസഹായത്തിനായി ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 315 | 1151036 | 107090 | 80136 |
| 2 | 2015 -16 | 198 | 206080 | 184325 | 21755 |
| 3 | 2016 - 17 | 34 | 1617452 | 241793 | 202710 |

# ഭാഗം - V

## സാമൂഹ്യക്ഷേമ പരിപാടികൾ

## A. വിവാഹ ധനസഹായം

1. രജിസ്റ്റർ പേജ് നമ്പർ 83-ൽ ശ്രീ. വേലായുധൻ. പി.കെ. എന്നയാൾക്ക് 50,000/- രൂപ ധനസഹായം നൽകിയതായി കാണുന്നു. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിപ്പിച്ചിട്ടില്ല.

2. പേജ് നമ്പർ 81, 82, 83 പ്രകാരം 3 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതായി കാണുന്നു. എന്നാൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഒപ്പ് വെച്ച് കാണുന്നില്ല.

3. തുക മാറിയതു സംബന്ധിച്ച് ബിൽ നമ്പർ, തുക മാറിയ തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.

4. പേജ് നമ്പർ 36 മുതൽ 105 വരെ 5 ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം വിതരണം ചെയ്തതായി കാണുന്നു. എന്നാൽ വിതരണ തീയതി വെച്ച് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

5. പേജ് നമ്പർ 97 പ്രകാരം ശ്രീ. ബാലകൃഷ്ണൻ എന്ന ഗുണഭോക്താവിന് 50,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഫോട്ടോ പതിപ്പിച്ചിട്ടില്ല. പേജ് നമ്പർ 103 മുതൽ 105 വരെ 3 ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഇവരുടേയും ഫോട്ടോ പതിപ്പിച്ചിട്ടില്ല.

6. വിവാഹ ധനസഹായ രജിസ്റ്ററിൽ പേജ് നമ്പർ രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. വിവാഹ ധനസഹായത്തിനായി 2014-15 മുതൽ 2016-17 വരെ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 5 | 250000 | 250000 | Nil |
| 2 | 2015 -16 | 11 | 550000 | 550000 | Nil |
| 3 | 2016 - 17 | 9 | 450000 | 300000 | 150000 |

## B. മിശ്രവിവാഹ ധനസഹായം

1. അക്വിറ്റൻസ് പേജ് നമ്പർ: 37 പ്രകാരം പ്രജീഷ. ബി., രതീഷ് എന്നീ മിശ്ര വിവാഹിതർ 50000/- രൂപ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ ടി തുകയുടെ വിതരണം സംബന്ധിച്ച ചെലവ് വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ പതിപ്പിച്ചിട്ടില്ല.

2. അക്വിറ്റൻസ് പേജ് നമ്പർ 130 പ്രകാരം 16.12.15-ന് രണ്ട് മിശ്ര വിവാഹിതർക്കായി 50,000/- രൂപ നിരക്കിൽ 1,00,000/- ലക്ഷം രൂപ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ 16.12.15-ലെ ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 50,000/- രൂപ മാത്രമാണ്. വിശദീകരണം നൽകേണ്ടതാണ്.

3. 2014-15 മുതൽ 2016-17 വരെ മിശ്രവിവാഹ ധനസഹായം നൽകിയയിനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 13 | 650000 | 650000 | Nil |
| 2 | 2015 -16 | 9 | 450000 | 450000 | Nil |
| 3 | 2016 - 17 | 8 | 400000 | 350000 | 50000 |

## C. ഭൂരഹിത പുനരധിവാസ പദ്ധതി

1. രജിസ്റ്ററിൽ പേജ് നമ്പർ രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ആധാരം തിരിച്ച് നൽകിയ ഗുണഭോക്താക്കളുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല.
3. അക്വിറ്റൻസ് പേജ് നമ്പർ 93 പ്രകാരം 31.12.2014-ന് ശശി എന്നയാൾക്ക് ഭൂമി വാങ്ങിയ വകയിൽ 3,75,000/- രൂപയ്ക്കുള്ള (ഡി.ഡി. നമ്പർ: 282485 തീയതി: 24.12.14) ഡി.ഡി. 31.12.14-ന് നൽകിയതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 30.12.14-ന് ആണെന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.
4. ബിൽ നമ്പർ CB/64/14-15 പ്രകാരം (പേജ് നമ്പർ: 104-ൽ) 3,75,000/- രൂപയും പേജ് നമ്പർ 108-ൽ 3,48,000/- രൂപയും കൂടി ആകെ 7,23,,000/- രൂപ വിതരണം ചെയ്തതായി അക്വിറ്റൻസിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 5,23,000/- രൂപ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. 2,00,000/- ലക്ഷം രൂപയുടെ കുറവ് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.
5. പേജ് നമ്പർ 117-ൽ ഷിനോജ് എന്ന ഗുണഭോക്താവിന്റെ ഫോട്ടോ പതിപ്പിച്ച് കാണുന്നില്ല.
6. പേജ് നമ്പർ 119, 120 പ്രകാരം ശ്രീ. ഷൈജു. യു.പി., ശ്രീ. രതീഷ്. ആർ.റ്റി., എന്നീ രണ്ട് ഗുണഭോക്താക്കളുടെ പേരിൽ 3,75,000/- രൂപ നിരക്കിൽ 7,50,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.
7. 2014-15 മുതൽ 2016-17 വരെ ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകിയയിനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 15 | 5900000 | 5673000 | 227000 |
| 2 | 2015 -16 | 17 | 6375000 | 6375000 | Nil |
| 3 | 2016 - 17 | 14 | 5550000 | 4308750 | 1241250 |

8. പദ്ധതി ആനുകൂല്യ രജിസ്റ്ററിൽ പേജ് നമ്പർ: 26 പ്രകാരം 3 ഗുണഭോക്താക്കൾക്ക് മാറിയ 11,25,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ഭൂ ഉടമസ്ഥന്റെ പേര്, മേൽ വിലാസം എഴുതി ചേർത്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.
9. പേജ് നമ്പർ 130 മുതൽ 134 വരെ BIMS മുഖേന തുക മാറി വിതരണം ചെയ്തിട്ടുള്ളത് രജിസ്റ്ററിൽ ചേർത്ത് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.
10. പേജ് നമ്പർ 10, 11, 12, 19 എന്നിവ ബ്ലാങ്ക് ആയി കിടക്കുന്നു.
11. STSB പാസ്സ് ബുക്ക് update ചെയ്യാത്തതിനാൽ STSB -യിൽ തുക നിക്ഷേപിക്കുന്നതും, പിൻവലിക്കുന്നതും അറിയാൻ കഴിയുന്നില്ല.

12. രജിസ്റ്ററുകൾ മാറി മാറി രണ്ട് രജിസ്റ്ററുകളിലായി എഴുതി തുക വിതരണം നടത്തി വരുന്നു. ഈ തരത്തിൽ രജിസ്റ്റർ കൈകാര്യം ചെയ്യുന്നത് കൊണ്ട് പരിശോധിക്കാൻ ബുദ്ധിമുട്ട് ഉളളതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

## D. ഭൂമിയുടെ അസ്സൽ പ്രമാണം സൂക്ഷിക്കുന്ന രജിസ്റ്റർ

1. 2014-15 -ൽ ഭൂമി അനുവദിച്ചവരുടെ വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. 2015-16, 16-17 -ൽ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും സർവ്വേ നമ്പർ, വില്ലേജിന്റെ പേര്, പഞ്ചായത്തിന്റെ പേര്, സബ് രജിസ്റ്റർ ഓഫീസ്, രജിസ്ട്രേഷൻ തീയതി, നമ്പർ എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.

## E. ഭൂമി വാങ്ങിയ അസ്സൽ ആധാരങ്ങൾ, 2014-15

1. മേപ്പയൂർ SRO-യിൽ രജിസ്റ്റർ ചെയ്ത് ആധാരം, 10.01.2015 എഴുതി വാങ്ങിയ ആളുടെ പേര് ശ്രീ. രാജേഷ്. പി.കെ. എന്നാണ്. എന്നാൽ ടിയാന്റെ ആധാരത്തിൽ വഴിയോ, റോഡോ അവകാശങ്ങൾ എഴുതി ചേർത്ത് കാണുന്നില്ല.
2. 06.01.15-ൽ എടച്ചേരി SRO-യിൽ രജിസ്റ്റർ ചെയ്ത് ആധാര നമ്പർ: 32/I/2015 വാങ്ങിയയാൾ ശ്രീ. ബൈജു. ഒ.എം. ആണ്. എന്നാൽ ടി ആധാരത്തിൽ വസ്തുവിലേക്കുളള വഴി, റോഡ്, അവകാശികൾ എന്നിവ എഴുതി ചേർത്ത് കാണുന്നില്ല.
3. 07.01.2015-ൽ വടകര SRO-യിൽ രജിസ്റ്റർ ചെയ്ത് ആധാര നമ്പർ: 24/I വാങ്ങിയയാൾ ശ്രീ. അജേഷ് ഘോഷ്, ആധാരത്തിൽ വസ്തുവിലേക്കുളള വഴി, റോഡ് എഴുതി ചേർത്ത് കാണുന്നില്ല.
4. പയ്യോളി SRO -യിൽ 11.02.2015-ന് രജിസ്റ്റർ ചെയ്ത് ആധാര നമ്പർ:437/1/2015 വാങ്ങിയയാൾ ശ്രീ. ഗണേശൻ. പി. ആധാരത്തിൽ വസ്തുവിന്റെ തരം, നിലം എന്നാണ് കാണിച്ചിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.
5. പയ്യോളി SRO -യിൽ 24.03.2015-ന് രജിസ്റ്റർ ചെയ്ത ആധാര നമ്പർ:913/1/2015 വാങ്ങിയ ആൾ ശ്രീ. രതീശൻ ആധാരത്തിൽ വസ്തുവിന്റെ തരം നഞ്ച എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.
6. 2015-16 -ൽ പയ്യോളി SRO -യിൽ 03.10.2015-ന് രജിസ്റ്റർ ചെയ്ത ആധാര നമ്പർ: 2839/2015 വാങ്ങിയയാൾ ശ്രീ. രാജേഷ് ആണ്. ആധാരത്തിൽ വസ്തുവിലേക്കുളള വഴിയോ, റോഡോ എഴുതി ചേർത്തിട്ടില്ല.

## F. ഭവന നിർമ്മാണ ധനസഹായം

2007-08 മുതൽ 2016-17 വരെ ഭവന നിർമ്മാണ ധനസഹായം നൽകിയ വകയിൽ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | സ്റ്റേജ് വിവരം | | | ആകെ പൂർത്തിയാക്കിയവ | ഇനിയും പൂർത്തിയാക്കൽ അവശേഷിക്കുന്നത് |
|---|---|---|---|---|---|---|---|
| | | | I | II | III | | |
| 1 | 2007-08 | 51 | 1 | 1 | 5 | 44 | 7 |
| 2 | 2008-09 | 22 | 1 | - | 1 | 20 | 2 |
| 3 | 2009-10 | 33 | 3 | 2 | 7 | 21 | 12 |
| 4 | 2010-11 | 11 | 1 | 2 | 1 | 7 | 4 |
| 5 | 2011-12 | 16 | 2 | 3 | 4 | 7 | 9 |
| 6 | 2012-13 | 15 | - | 5 | 2 | 8 | 7 |
| 7 | 2013-14 | 17 | - | 11 | 3 | 3 | 14 |
| 8 | 2014-15 | 15 | - | 5 | 1 | 9 | 6 |
| 9 | 2015-16 | 9 | 2 | 3 | - | 4 | 5 |
| 10 | 2016-17 | 20 | 7 | 9 | 4 | - | 20 |

## G. ടോയ്‌ലറ്റ് നിർമ്മാണം

1. ബിൽ നമ്പർ: CB/52/14-15 പ്രകാരം 16.04.15-ന് ക്യാഷ്ബുക്കിൽ payment കാണിച്ച 12,500/- രൂപയുടെ ചെലവ് സംബന്ധിച്ച രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. ബിൽ നമ്പർ: CB/59/14-15 പ്രകാരം 08.05.15-ന് ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ ~~12,500/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയ~~ 12,500/- രൂപയുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ബിൽ നമ്പർ: CB/40/16-17 പ്രകാരം 17.12.15-ന് ക്യാഷ്ബുക്കിൽ 3 പേർക്ക് 3,75,000/- രൂപ നൽകിയതായി കാണിച്ചിട്ടുണ്ടെങ്കിലും ചെലവ് സംബന്ധിച്ച് യാതൊരു രേഖയും പരിശോധനയ്ക്ക് നൽകിയിട്ടില്ല.

4. ടോയ്‌ലറ്റ് ഗ്രാന്റ് രജിസ്റ്ററിൽ പേജ് നമ്പർ രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. രജിസ്റ്റർ പേജ് നമ്പർ: 17, 22, 32 എന്നീ സീരിയൽ നമ്പറിൽ ഗുണഭോക്താക്കളുടെ ഫോട്ടോ പതിപ്പിച്ചിട്ടില്ല.

6. ടോയ്‌ലറ്റ് ഗ്രാന്റ് രണ്ടാം ഗഡു നൽകിയ വിവരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ കൃത്യമായി എഴുതി സൂക്ഷിച്ച് കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. ടോയ്‌ലറ്റ് ഗ്രാന്റ് രജിസ്റ്റർ, പദ്ധതി ആനുകൂല്യ രജിസ്റ്റർ എന്നിങ്ങനെ രണ്ട് രജിസ്റ്ററുകളിലായി മാറി മാറി തുക വിതരണം സംബന്ധിച്ച് എഴുതുന്നതിനാൽ തുക വിതരണം പരിശോധിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നു. ഒരു രജിസ്റ്ററിൽ തുക വിതരണം എഴുതി സൂക്ഷിക്കേണ്ടതാണ്.

8. ബിൽ നമ്പർ: CB/56/15-16 പ്രകാരം മാറിയ 3,00,000/- ലക്ഷം രൂപ ഗുണഭോക്താക്കൾ കൈപ്പറ്റിയ തീയതിയും അബ്സ്ട്രാക്റ്റ് എഴുതിയതും വ്യത്യാസം കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

9. പദ്ധതി രജിസ്റ്റർ/ ടോയ്‌ലറ്റ് ഗ്രാന്റ് രജിസ്റ്റർ പേജ് നമ്പർ 22-ൽ ബാലകൃഷ്ണൻ, നടയിൽ, പള്ളിക്കര എന്നയാൾക്ക് 12,500/- രൂപ രണ്ടാംഗഡു വിതരണം ചെയ്തതായി കാണുന്നു. കൈപ്പറ്റ് തീയതി രേഖപ്പെടുത്തിയിട്ടില്ല.

10. പദ്ധതി രജിസ്റ്റർ പേജ് നമ്പർ 111 മുതൽ 116 വരെ റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച് ഒപ്പിട്ട പേജുകൾ കീറി കളഞ്ഞതായി കാണുന്നു. ഈ രീതിയിൽ രജിസ്റ്റർ അശ്രദ്ധയോടെ കൈകാര്യം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

11. 2015-16 -ലെ ടോയ്‌ലറ്റ് ഗ്രാന്റ് വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12. 2014-15 മുതൽ 2015-16 വരെ ടോയ്‌ലറ്റ് ഗ്രാന്റ് വിതരണം നടത്തിയതിന് ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2014 - 15 | 31 | 303682 | 303682 | Nil |
| 2 | 2015 -16 | 30 | 100000 | 75000 | 25000 |

## H. വിജ്ഞാൻവാടി

മേലടി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ കീഴിൽ ഒരു വിജ്ഞാൻവാടി പോലും ഇല്ലെന്നാണ് അറിയാൻ കഴിയുന്നത്.

## I. സ്വയം പര്യാപ്തഗ്രാമം

സ്വയംപര്യാപ്ത ഗ്രാമമായി തുറയൂർ പഞ്ചായത്തിനെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ കിണർ പ്രവൃത്തി, വാട്ടർ ടാങ്ക് എന്നിവയുടെ പണികൾ പൂർത്തീകരിച്ചതായി കാണുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ എത്രയും വേഗം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

J. ചികിത്സാ ധനസഹായം

1. 2014-15 വർഷം ചികിത്സാ ധനസഹായം നൽകിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. 2015-16 മുതൽ 2016-17 വരെ ചികിത്സാ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2015 - 16 | 33 | 130000 | 130000 | Nil |
| 2 | 2016 -17 | 27 | 650000 | 650000 | Nil |

K. സാമൂഹ്യ ഐക്യ ദാർഢ്യ പക്ഷാചരണം

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിനായി 2014-15 മുതൽ 2016-17 വരെ ഒരു പരിപാടിയും സംഘടിപ്പിച്ചതായി കാണുന്നില്ല.

L. സ്വയം തൊഴിൽ പദ്ധതി

1. 04.04.2014-ലെ ക്യാഷ്ബുക്കു പ്രകാരം 10,000/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് receipt ഹാജരാക്കിയിട്ടില്ല. (ബിൽ നമ്പർ: CB/69/14-15)

2. 24.05.2014-ലെ ക്യാഷ്ബുക്ക് പ്രകാരം 43333/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് receipt ഹാജരാക്കിയിട്ടില്ല. (ബിൽ നമ്പർ: CB/69/14-15)

3. 18.04.15-ലെ ക്യാഷ്ബുക്കു പ്രകാരം 1,00,000/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് receipt ഹാജരാക്കിയിട്ടില്ല. (ബിൽ നമ്പർ: CB/60/14-15)

4. 21.12.2015-ലെ ക്യാഷ് ബുക്കു പ്രകാരം 95,000/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് receipt ഹാജരാക്കിയിട്ടില്ല. (ബിൽ നമ്പർ: CB/28/15-16)

പൊതു അഭിപ്രായം

ഒരു ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറും, അപ്രന്റീസ് ക്ലാർക്ക്, 9 എസ്.സി. പ്രൊമോട്ടർമാർ ഉള്ള ഓഫീസിൽ സ്ഥല സൗകര്യം തീരെ അപര്യാപ്തമാണെന്ന് കാണുന്നു. ഓഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

(ഒപ്പ്/-)

സീനിയർ ഫിനാൻസ് ഓഫീസർ